**കേരള സർക്കാർ**

ഇലക്ഷൻ (ജനറൽ) വകുപ്പ്

നമ്പർ. EL2/603/2024-ELEC 15-01-2025,തിരുവനന്തപുരം

**ക്വട്ടേഷൻ നോട്ടീസ്**

വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ഫോം - 7 മുഖേന അപേക്ഷ സമർപ്പിക്കുന്ന വോട്ടർമാർക്ക്, പോസ്റ്റൽ വകുപ്പ് മുഖാന്തരം നോട്ടീസുകൾ ലഭ്യമാക്കുന്നതിനായി 2,50,000 ബാർകോഡ് സ്റ്റിക്കറുകൾ അടിയന്തരമായി അച്ചടിച്ച് ലഭ്യമാക്കുവാൻ അംഗീകൃത പ്രസ്സുകളിൽ നിന്ന് മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. (പ്രിന്റ് ചെയ്യേണ്ട മാനദണ്ഡങ്ങൾക്കായി ഇലക്ഷൻ (ജനറൽ) വകുപ്പുമായി ബന്ധപ്പെടേണ്ടതാണ്). ഒരു ബാർകോഡ് സ്റ്റിക്കർ പ്രിന്റ് ചെയ്ത് ലഭ്യമാക്കുന്നതിന് ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്.

2) മുദ്ര വച്ച ക്വട്ടേഷനുകൾ 23-01.2025-ന് വൈകുന്നേരം 3 മണിക്കകം ഇലക്ഷൻ (ജനറൽ) വകുപ്പിൽ ലഭിക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം 3.30 മണിക്ക് ചുവടെ ഒപ്പ് വച്ചിട്ടുള്ള ഉദ്യോഗസ്ഥൻ മുമ്പാകെ തുറക്കുന്നതാണ്. ക്വട്ടേഷനുകൾ സമർപ്പിച്ചവർക്കോ അവരുടെ പ്രതിനിധികൾക്കോ ഈ സമയത്ത് ഹാജരാകാവുന്നതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന ദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം വൈകുന്നേരം 3.30 മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതാണ്. "ബാർകോഡുകൾ അച്ചടിച്ച് ലഭ്യമാക്കുവാനായി സമർപ്പിക്കുന്ന ക്വട്ടേഷൻ" എന്ന് ക്വട്ടേഷനിലും ക്വട്ടേഷൻ ഉള്ളടക്കം ചെയ്യുന്ന മുദ്ര വച്ച കവറിലും രേഖപ്പെടുത്തേണ്ടതാണ്. സമയ പരിധിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷ്യകൾ സ്വീകരിക്കുന്നതല്ല.

വിശ്വസ്തതയോടെ,

കൃഷ്ണദാസൻ പി

ADDITIONAL SECRETARY & ADDITIONAL CHIEF ELECTORAL OFFICER

ചീഫ് ഇലക്ടൽ ഓഫീസർ & സെക്രട്ടറിയ്ക്കുവേണ്ടി

Election IT team (വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

നോട്ടീസ് ബോർഡ്

കരുതൽ ഫയൽ